SAMAGRA PLUS

# അർദ്ധ വാർഷിക മൂല്യനിർണയം _ 2024

## മലയാളം -കേരളപാഠാവലി

## STD- 9

**Time :** 1 മണിക്കൂർ 30 മിനിറ്റ് **Score : 40**

നിർദ്ദേശങ്ങൾ

ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയം

ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കുക

നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക

ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം

1 മുതൽ 5വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക സ്കോർ 1*4= 4

1. "അല്ലല്ലെന്തു കഥയിതു കഷ്ടമേ
   അല്ല ലാലങ്ങുജാതി മറന്നി തോ"
   അടിവരയിട്ട് പദത്തിൽ തെളിയുന്ന ഭാവം?
   - ഭയം
   - കരുണം
   - അത്ഭുത
   - ഹാസ്യം

2 " മുഴുവൻഭൂമിയുമൊറ്റ ച്ചാലായുഴുതുമറിക്കും വീര്യമോടെ"
   ഒറ്റച്ചാൽ എന്ന പ്രയോഗം നൽകുന്ന അർത്ഥ സൂചന?
   - ഒരുമയില്ലായ്മ
   - സംഘബോധം
   - വ്യക്തിബോധം
   - താല്പര്യമില്ലായ്മ

3. "പുഴയുടെ തോറ്റത്തിൽ അതിന്റെ വികാരവിചാരങ്ങളെല്ലാം വിജയിച്ചിരിക്കുന്നു"
   വികാരവിചാരങ്ങൾ എന്ന പദത്തിന്റെ ശരിയായ വിഗ്രഹ രൂപം കണ്ടെത്തി എഴുതുക
   - വികാരങ്ങളുടെ വികാരം
   - വികാരത്തിന്റെ വിചാരം
   - വികാരത്തിനെക്കുറിച്ചുള്ള വിചാരം
   - വികാരവും വിചാരവും

4." വാസരാന്തത്തിൻ കതിർകളിൽനിന്നല്ലീ
   ഭാസുരമാകുമുഷസ്സിന്റെ യുത്ഭവം"
   വാസരം എന്ന പദത്തിന്റെ ശരിയായ അർത്ഥം
   - പകൽ
   - ആഴ്ച
   - അവസരം
   - വൈരം

5. ഇവിടെ തന്നിരിക്കുന്ന സാഹിത്യകൃതികളിൽ നിന്നും ആത്മകഥാരചന കണ്ടെത്തി എഴുതുക

- യേശുദേവൻ
- കഴിഞ്ഞ കാലം
- നവഭാരതശില്പികൾ
- മഹാത്മ

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക

സ്കോർ - 2 x 2 = 4

6 . " പാത്തുമ്മയുടെ ആട്" ചുമ്മാ ഒരു കഥയല്ലഎന്ന് ലേഖകൻ വിലയിരുത്തുന്നതിനുള്ള രണ്ട് സൂചനകൾ എഴുതുക?

7. വീട്ടിലെപ്പോഴും അടച്ചിടാറുള്ള പിൻമുറി തുറന്നപ്പോൾ മാധവന്റെ മനസ്സിൽ ഉണർന്ന ചിന്തകൾ എന്തെല്ലാം

8 . "അരുവിപ്പുറം ആഘോഷവേളയിൽ ഗുരുവിന്റെ
കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി"
ഗുരുവിൻറെ ഈ അവസ്ഥക്കുള്ള കാരണം എന്താവാം?

9 -മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന്ഉത്തരമെഴുതുക (അരപ്പുറം)

സ്കോർ - 5 x 4 = 20

9. താരതമ്യക്കുറിപ്പ് തയ്യാറാക്കുക

"സ്വന്തം മാറാത്തമ്മമഹിക്കരി -
തീക്കനൽ വീണാൽ വീണോട്ടേ
എങ്കിലുമേറെക്കാമ്യം പണമേ
തുച്ഛന്നതു കൈ വന്നോ ട്ടേ"

(പുളിമാവ് വെട്ടി -ഇടശ്ശേരി)

"പുതിയ കഥയെഴുതുന്നു
വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നു
വിപണികളിലവ വിറ്റുമോന്തുന്നു
വിട നഖര മഴുമുനകൾ കേളി തുടരുന്നു"

(ഭൂമിക്ക് ഒരു ചരമഗീതം ഒ എൻ വി )

(വസുധ -ഭൂമി, നഖരം -നഖം )

കവിതാ ഭാഗങ്ങൾ താരതമ്യം ചെയ്തു ലഘു ഉപന്യാസം തയ്യാറാക്കുക

10. "കുളിച്ചു വൃത്തിയായ്
ഇറയത്ത് വഴി -
ക്കണ്ണുമായിരിക്കുന്ന
കറുത്ത കുഞ്ഞുങ്ങൾ "

"മെഴുക്കെല്ലാം
വെടിഞ്ഞ് വെയിലത്ത്
ഇരുന്നുണങ്ങി മിനുങ്ങുന്ന
കഞ്ഞിക്കലവും കറിച്ചട്ടികളും "

കാണുന്നുണ്ട് നേക മക്ഷരങ്ങൾ എന്ന കവിതയെ വേറിട്ട അനുഭവമാക്കുന്നത് വാങ്മയചിത്രങ്ങളാണ് -സമർത്ഥിക്കുക

11-. "പഴയ വീടിനപ്പോൾ പുതിയൊരു പരിവേഷമുണ്ടാകും നാടിനുമുഴുവനിപ്പോൾ അങ്ങനെയൊരു വെളിച്ചം, തെളിച്ചം!' സ്വതന്ത്ര ഭാരതത്തെ കുറിച്ചുള്ള എന്തെല്ലാം സങ്കല്പങ്ങളാണ് ഐഷുവിന്റെ ഈ വാക്കുകളിൽ തെളിയുന്നത് -വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

12.

- മാധവന്റെ ബാല്യത്തിന് ഉത്സവമേറ്റിയ മനുഷ്യൻ
- മാധവന്റെ എല്ലാ തിരക്കുകളെയും തിരിച്ചറിഞ്ഞ കാരണവർ
- തറവാട്ട് സ്വത്തിൽ മാധവനും അമ്മയ്ക്കും ലഭിക്കാനുള്ള സ്വത്തിന്റെ രേഖ കൈമാറി കടന്നുപോയ മനുഷ്യൻ

സൂചനകൾ ഉപയോഗപ്പെടുത്തി 'അച്യുതമാമ' എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക

13 . 'ഉപജീവനത്തിന് മാത്രം ജോലി ചെയ്യുന്നവർ സമൂഹത്തോടുള്ള ബാധ്യതയിൽ നിന്ന് ഒഴിഞ്ഞുമാറുന്നവരാണ്' കെ പി കേശവമേനോന്റെ ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? - സ്വാഭിപ്രായ ക്കുറിപ്പ് തയ്യാറാക്കുക

14. 'അധ്യാനവർഗ്ഗത്തിന്റെ ജീവിതാവസ്ഥയും അധ്വാനത്തോടുള്ള മനോഭാവവും ആവിഷ്കരിക്കുന്ന കവിതയാണ്.
തരിശു നിലങ്ങളിലേക്ക് '-ഈ പ്രസ്താവന വിശകലനം ചെയ്തു കവിതയുടെ ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക

15 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക (ഒന്നരപ്പുറം)

സ്കോർ - 2x6=12

15.

- അധികംപേരും ജോലി ചെയ്യുന്നത് അതിലുള്ള ഇഷ്ടമോ താൽപ്പര്യമോ കൊണ്ടല്ല ഉപജീവനത്തിന് കൂടിയേ കഴിയൂ എന്നതുകൊണ്ട് മാത്രമാണ്,'
- 'ഒരു ജോലിയും ചെയ്യാതെ സുഖലോലുപരായിരിക്കുന്നത് വിഡ്ഢിത്തമാണ്'
- ,ലോകത്തിൽ വലിയ കാര്യങ്ങൾ നേടിയവരെല്ലാം അധ്വാനശീലരാണ്
- ,തൊഴിൽ നിർമ്മാണാത്മകവും സമൂഹത്തിനുപകരിക്കുന്നതും ആവണം

നൽകിയിരിക്കുന്ന നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് 'തൊഴിലും തൊഴിലിന്റെ മഹത്വവും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക

16.

- 'തിരക്കിന്റെ ബോയ്ലറിൽ കിടന്ന് സെക്കന്റിന്റെ തന്മാത്രകളുമായി കെട്ടിമറിയുന്ന സമയം'
- 'എന്റെ ജീവിതം എത്രത്തോളം എന്റെ കയ്യിൽ അല്ല എന്ന സത്യം ഗാഢമായി നൊന്തറിഞ്ഞ നിമിഷമായിരുന്നു അത്

(അച്യുതമാമ -കഥ കെ പി രാമനുണ്ണി)

ആധുനികകാലത്തെ തൊഴിൽ സാഹചര്യത്തിന്റെ ഇരയാണ് മാധവൻ.
സൂചനകളും പ്രസ്താവനയും വിലയിരുത്തി 'തൊഴിലും തൊഴിലിടങ്ങളും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക

17 . "ജാതിഭേദം മതദ്വേഷം

ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത് "
"വിദ്യകൊണ്ട് പ്രബുദ്ധരാവുക"
"അവനവനാത്മസുഖത്തിനാ ചിരിക്കു
ന്നവയപരന്നുസുഖത്തിനായ് വരേണം"

സൂചനകൾ വിശകലനം ചെയ്തും,പാഠാശയം ഉൾക്കൊണ്ടും 'ഗുരു സന്ദേശത്തിന്റെ കാലിക പ്രസക്തി 'എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക

**XXXXXXXXXXXX**

SAMAGRA PLUS

# ഉത്തരസൂചിക

1 .അത്ഭുതം 1
2.സംഘബോധം 1
3.വികാരവും വിചാരവും 1
4. പകൽ 1
5.കഴിഞ്ഞ കാലം 1

- 6.കഥാപാത്രങ്ങൾ ജീവിച്ചിരുന്നവരാണ് 1
- ബഷീറിൻറെ വീട്ടിലെ സത്യമായ കഥ 1

7..

- മരിച്ചുപോയ അച്ഛനെയും അമ്മയെയും പറ്റി ചിന്തിച്ചു. 1
- സ്മരണ എന്ന പരിചയക്കേടിലേക്ക് താൻ മാറി എന്ന തിരിച്ചറിവ് 1

8

- പകൽ മുഴുവൻ പണിയെടുത്ത് ഉത്സവം കാണാൻ എത്തിയ തൊഴിലാളികളെ ജനക്കൂട്ടത്തിൽ നിന്നും മാറ്റിയിരുത്തി 1
- ഗുരുസന്ദേശത്തിന്റെ പൊരുൾ അനുയായികൾ പോലും ഉൾക്കൊണ്ടില്ലല്ലോ എന്ന ദുഃഖം 1

9.

- പുളിമാവ് മുറിച്ചുമാറ്റുമ്പോൾ ഭൂമിയുടെ തണൽ നഷ്ടമാവുന്നു
- ആർത്തിയുള്ള മനുഷ്യന് പണമാണ് പ്രധാനം
- ഭൂമിയുടെ മക്കൾ അമ്മയായ ഭൂമിയുടെ വൃക്ഷങ്ങൾ ആകുന്ന വസ്ത്രം ഉരിയുന്നു
- അവ വിപണിയിൽ വിറ്റ് പണം നേടുന്നു
- രണ്ട് കവിതാഭാഗങ്ങളുടെയും പ്രമേയം താരതമ്യം ചെയ്തിട്ടുണ്ട്

10 .

- വീടിന്റെ ഇറയത്ത് കുളിച്ച് വൃത്തിയായി വസ്ത്രം അണിഞ്ഞ് മാതാപിതാക്കളെ കാത്തിരിക്കുന്ന കറുത്ത നിറമാർന്ന കുഞ്ഞുങ്ങളുടെ ചിത്രം.
- എണ്ണയും അവശിഷ്ടവും നീക്കി വെയിലത്ത് ഇരുന്ന് ഉണങ്ങി മിനുങ്ങുന്ന പാത്രങ്ങളുടെ ചിത്രം.
- കവിതയിൽ നിന്നും കൂടുതൽ ചിത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ഇത്തരം വാങ്മയ ചിത്രങ്ങളുടെ ഗ്യാലറിയാണ് കവിത.

11.

- പഴയ വീട് ബ്രിട്ടീഷ് ഇന്ത്യയും പുതിയ വീട് സ്വതന്ത്ര ഭാരതവും.
- പാവപ്പെട്ടവർ ഇല്ലാത്തതും കർഷകരെ നികുതി ഭാരം കൊണ്ട് ചൂഷണം ചെയ്യാത്ത പുതിയ ഇന്ത്യ രൂപപ്പെടുമെന്ന സ്വപ്നം.
- നാടിനും ഐഷുവിനും സ്വാതന്ത്ര്യം കിട്ടിയതിലുള്ള സന്തോഷം.

12.

- അച്ഛനമ്മമാർ നഷ്ടപ്പെട്ട മാധവന് താങ്ങും തണലുമായി മാറിയഅച്യുതമ്മാമ.
- അനാഥനായ മാധവനെ സനാഥനാക്കി.
- മാധവന്റെ ജോലിത്തിരക്കുകളെ കുറിച്ച് ബോധ്യമുള്ള ക്ഷമാശീലൻ.
- ധർമ്മിഷ്ഠനും നീതിമാനുമായ കുടുംബകാരണവർ.

13

- ജോലി വ്യക്തിയുടെ ഉപജീവനത്തിന് ഉതകണം.
- ജോലി ചെയ്യുന്നതിലൂടെ സമുദായത്തിന് ,സമൂഹത്തിന് ഉപയോഗം ഉണ്ടാവണം.
- ഏതൊരു ജോലിയും ആനന്ദകരവും നിർമ്മാണാത്മകവുമായിരിക്കണം.
- നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.

14

- അധ്വാനിക്കുന്നവരുടെ കർമ്മശേഷിയും ജോലിയോടുള്ള ആത്മാർത്ഥതയും.
- യാതനയും കഷ്ടപ്പാടുകളും അനുഭവിക്കുമ്പോഴും എല്ലാം മറന്ന് അധ്വാനിക്കുന്നു.
- ജീവിതത്തിന്റെ തരിശു നിലങ്ങളെ അധ്വാനം കൊണ്ട് ഹരിതാഭമാക്കുന്നു.

- ശീർഷകത്തിന്റെ ഔചിത്യം തിരിച്ചറിഞ്ഞിട്ടുണ്ട്

15

- അധ്വാനത്തിന് സവിശേഷ പ്രാധാന്യമുണ്ട്.
- അധ്വാനം സ്വന്തം ഉപജീവനത്തിനും സമൂഹത്തിനും ഉപകരിക്കണം.
- അധ്വാനം ആനന്ദകരവും നിർമ്മാണാത്മകവും ആയിരിക്കണം.
- ലോകത്തെ മാറ്റിമറിച്ചവർ അധ്വാനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞവരാണ്.
- തൊഴിൽ ചെയ്യാതെ ജീവിക്കുക എന്നത് ദ്രോഹകരമാണ്.
- ഘടന ,ഉചിത ഭാഷ.

16

- മാധവൻ പുതുകാലത്തെ കമ്പനി ഉദ്യോഗസ്ഥൻ.
- തിരക്കുപിടിച്ച ജീവിത സാഹചര്യത്തിൽ വ്യക്തി, കുടുംബം, സമൂഹ ജീവിതം താറുമാറാവുന്നുണ്ട്.
- പുതുകാലത്തെ തൊഴിലിടങ്ങൾ ഇത്തരം സംഘർഷഭരിത ജീവിതത്തെ സൃഷ്ടിക്കുന്നുണ്ട്.
- അവിടെ വ്യക്തികൾക്ക് ജോലി ഒരു ഭാരമായി മാറുന്നു.
- പുതിയ തൊഴിൽ നിയമങ്ങളും തൊഴിൽ സംസ്കാരവും ഉണ്ടാവണം.
- ഘടന, ഭാഷ.

17

- ജാതിമതഭേദങ്ങൾ ഇല്ലാതെ മാനവരെല്ലാം സഹോദര ഭാവനയിൽ കഴിയുന്ന സമൂഹം രൂപപ്പെടണം.
- വിദ്യാഭ്യാസത്തിലൂടെ ഭേദചിന്തകൾ ഇല്ലാതാവണം
- സ്വന്തം സുഖത്തിനായി ചെയ്യുന്ന  കർമ്മങ്ങൾ അപരനുകൂടി ഉപകരിക്കണം
- വർത്തമാനകാലത്ത് ഗുരുദർശനങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്
- ഘടന ഉചിത ഭാഷ